## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1864** **16.02.2016 ന് മറുപടിയ്ക്ക്**

## ലഹരി മോചന പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി** | | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | ലഹരി ഉപയോഗം കുറയ്ക്കാനായി സർക്കാർ എന്തു പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ നടത്തിപ്പിനായി എത്ര ചെലവ് വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | 2030-ഓടെ കേരളത്തെ ലഹരി വിമുക്തമാക്കുക എന്ന പുനർജനിയുടെ ലക്ഷ്യം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി, സർക്കാർ സുബോധം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഭരണാനുമതി ലഭിച്ച ടി പദ്ധതി 3 വർഷത്തേയ്ക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽ ആകെ അടങ്കൽ തുകയായ 78.80 കോടി രൂപയ്ക്ക് 25.09.2015 ലെ ജി.ഒ.(എം.എസ്) നം.171/2015/നി.വ. ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. വരും സാമ്പത്തിക വർഷത്തിൽ (2016-17, 2017-18) ആകെ 295.20 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ബി) | മദ്യവിൽപ്പനയിൽ നിന്നും ഇക്കാര്യത്തിലേയ്ക്ക് സെസ് ആയി എത്ര തുക സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | 01.10.2014 മുതൽ മദ്യവിൽപ്പനയിൽ നിന്ന് 5% പുനരധിവാസ സെസ് ആയി സമാഹരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | വർഷം | തുക |
|---|---|---|
| 1 | 2014-15 | 118.12 കോടി |
| 2 | 2015-16<br>(2015 ഡിസംബർ വരെ) | 217.76 കോടി |
| | ആകെ | 335.88 കോടി |

| | | | |
|---|---|---|---|
| (സി) | സർക്കാരിന്റെ ലഹരിമോചന പദ്ധതിയായ സുബോധത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (സി) | 25.09.2015 ലെ ജി.ഒ(എം.എസ്) നം.171/2015/നി.വ. സർക്കാർ ഉത്തരവ് പ്രകാരം സുബോധം പദ്ധതിയ്ക്ക് ഭരണാനുമതി നല്കി. സുബോധം പദ്ധതിയുടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനായും പൂർണ്ണമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി |

ഒരു ഉന്നതതല സമിതി/കമ്മിറ്റി 27.04.2015 ലെ ജി.ഒ(എം.എസ്)നം.73/2015/നി.വ. ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ബഹു: മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി | ചെയർമാൻ |
| 2 | പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ് | വൈസ് ചെയർമാൻ |
| 3 | അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് | മെമ്പർ |
| 4 | പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ് | മെമ്പർ |
| 5 | സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് | മെമ്പർ |
| 6 | എക്സൈസ് കമ്മീഷണർ | മെമ്പർ |
| 7 | ഡി.ഐ.ജി ( In charge of SPC) | മെമ്പർ |
| 8 | എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ. | മെമ്പർ |
| 9 | എല്ലാ ജില്ലാ കളക്ടർമാരും | മെമ്പർ |
| 10 | ഡയറക്ടർ, സുബോധം പദ്ധതി | കൺവീനർ |

ലഹരിവിരുദ്ധ ബോധവത്ക്കരണിന്റെ ഭാഗമായി വിവിധ ശില്പശാലകൾ, ആശയക്കൂട്ടായ്മ, സെമിനാറുകൾ, മീറ്റിംഗുകൾ, ബോധവത്ക്കരണ കാമ്പയിനുകൾ, സ്പെഷ്യൽ ഈവന്റുകൾ ഇവ സംഘടിപ്പിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി സന്നദ്ധ സംഘടനകൾ, സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും പദ്ധതി നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനായി ഒരു ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറിനെ തെരഞ്ഞെടുക്കുന്നതിനായി ഗവൺമെന്റ് അംഗീകരിച്ച റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (ആർ.എഫ്.പി) മുഖാന്തിരം ഈ-ടെൻഡർ ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ച് വരുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| (ഡി) | സുബോധത്തിന്റെ നടത്തിപ്പിനായി സെസ് പിരിച്ച തുക ബിവറേജസ് കോർപ്പറേഷൻ അതത് മാസങ്ങളിൽ തന്നെ വിൽപ്പന നികുതി വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും, ആയത് ശരിയായ രീതിയിൽ നികുതി വകുപ്പ് കണക്കിൽപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**